"ഭരണഭാഷ മാതൃഭാഷ"

# കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN : U40100KL2011SGC027424

രജി.ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 695 004 കേരള

ടെലിഫോൺ നം.: +91 471 2514612, 2514437, 2514340 ഫാക്സ് : 0471 2514262
ഇ-മെയിൽ : sorkseb@kseb.in വെബ് സൈറ്റ്: www.kseb.in

## സംഗ്രഹം

ഓർക്കിഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് കെയർ ആൻഡ് റിസർച്ച് പ്രൈവറ്റ് ലിമിറ്റഡിന് (LCN 11/1933) ചുമത്തിയ മീറ്റർ ഫാൾട്ടി പെനാൽറ്റി ഒഴിവാക്കുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

## കോർപ്പറേറ്റ് ഓഫീസ് [സ്പെഷ്യൽ ആഫീസർ (റവന്യൂ)]

ബി.ഒ. (എഫ്.റ്റി.ഡി) നം.346/2020 (എസ്.ഒ.ആർ/എച്ച്.റ്റി.ബി.11/1933/2020)

തീയതി, തിരുവനന്തപുരം, 25.05.2020.

സൂചന:- (1) ബഹു. വൈദ്യുതി വകുപ്പ് മന്ത്രിക്ക് 04.02.2019ന് ഓർക്കിഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് കെയർ ആൻഡ് റിസർച്ച് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച നിവേദനം.

(2) മഞ്ചേരി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നമ്പർ DB 2/HT SC-Orchid Hospital/2019-20/115 തീയതി 05.09.2019ലെ റിപ്പോർട്ട്.

(3) സ്പെഷ്യൽ ഓഫീസർ (റവന്യൂ) 20.04.2020ന് ഫുൾടൈം ഡയറക്ടർമാർക്ക് സമർപ്പിച്ച എസ്.ഒ.ആർ/എച്ച്.റ്റി.ബി.11/1933/2020 നമ്പർ കുറിപ്പ് (അജണ്ട 54/4/20).

## ഉത്തരവ്

ഓർക്കിഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് (LCN 11/1933) മഞ്ചേരി ഇലക്ട്രിക്കൽ സർക്കിളിന് കീഴിൽ വരുന്ന എച്ച്.റ്റി. കൺസ്യൂമറാണ്. മീറ്റർ കേടായി 60 ദിവസത്തിനുള്ളിൽ മീറ്റർ മാറ്റി വയ്ക്കാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിന് 08.07.2019ലെ താരിഫ് ഓർഡർ പാർട്ട് II(B) 4(d) പ്രകാരം 2,68,983/- രൂപ മീറ്റർ ഫാൾട്ടി പെനാൽറ്റി ചുമത്തിയിരുന്നു.

സൂചന (1) നിവേദന പ്രകാരം ഓർക്കിഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് 01.07.2018ന് കേടായ മീറ്റർ മാറ്റി വയ്ക്കാത്തതുമൂലം 2018 നവംബർ മാസത്തിൽ ചുമത്തിയ മീറ്റർ ഫാൾട്ടി പെനാൽറ്റി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. കേടായ മീറ്റർ മാറ്റിവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരവെ അപ്രതീക്ഷിതമായി ഉണ്ടായ പ്രളയ സാഹചര്യം മീറ്റർ മാറ്റി വയ്ക്കുന്നതിനുള്ള കാലതാമസത്തിന്

കാരണമായെന്ന് സൂചന (2) പ്രകാരം മഞ്ചേരി ഡെപ്യൂട്ടി ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിരുന്നു.

പ്രസ്തുത വിഷയം സൂചന (3) കുറിപ്പ് പ്രകാരം സ്പെഷ്യൽ ഓഫീസർ (റവന്യൂ) മുഴുവൻ സമയ ഡയറക്ടർമാരുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയുണ്ടായി. ഈ വിഷയം 30.04.2020ന് ചേർന്ന ഫുൾ ടൈം ഡയറക്ടർമാരുടെ യോഗം വിശദമായി പരിശോധിക്കുകയും, ഉപഭോക്താവ് 01.07.2018ന് കേടായ മീറ്റർ സമയ ബന്ധിതമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു എന്നും, അപ്രതീക്ഷിത പ്രളയ സാഹചര്യം മീറ്റർ മാറ്റിവയ്ക്കുന്നതിനുള്ള കാലതാമസത്തിന് കാരണമാണെന്ന മഞ്ചേരി ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് കണക്കിലെടുത്തും ഉപഭോക്താവിന് മീറ്റർ ഫാൾട്ടി പെനാൽട്ടി തുകയായ 2,68,983/- രൂപ മാനുഷിക പരിഗണന നൽകിയും പിന്നോക്ക പ്രദേശത്തെ ആശുപത്രി എന്ന പരിഗണന നൽകിയും ഒഴിവാക്കി കൊടുക്കാൻ അനുമതി നൽകി.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു കൊള്ളുന്നു.

**ഫുൾ ടൈം ഡയറക്ടർമാരുടെ ആജ്ഞാനുസരണം**

**ഒപ്പ്**
**ലേഖ ജി.,**
**കമ്പനി സെക്രട്ടറി (ഇൻചാർജ്ജ്)**

സ്വീകർത്താവ്

സ്പെഷ്യൽ ഓഫീസർ (റവന്യൂ).

പകർപ്പ്

1. മാനേജിംഗ് ഡയറക്ടർ, ഓർക്കിഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ്, മലപ്പുറം.
2. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ.
3. ഫിനാൻസ് ഡയറക്ടറുടെ പി.എ.
4. ഡിസ്ട്രിബ്യൂഷൻ ഡയറക്ടറുടെ പി.എ.
5. ജനറേഷൻ ഡയറക്ടറുടെ പി.എ.
6. ട്രാൻസ്മിഷൻ ഡയറക്ടറുടെ പി.എ.
7. കമ്പനി സെക്രട്ടറി (ഇൻ ചാർജ്)
8. ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ഓഡിറ്റർ
9. ഫയൽ/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

25/5/2020

സീനിയർ സൂപ്രണ്ട്